**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 956** **11-02-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണങ്ങളിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കും പരിക്കേൽക്കുന്നവർക്കും നൽകി വരുന്ന ധനസഹായം എന്തെല്ലാമാണ് ; | (എ) | മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാ-ശികൾക്ക് 10 ലക്ഷം രൂപയാണ് നൽകിവരുന്നത്. വനത്തിന് പുറത്ത് വച്ച് സംഭവിക്കുന്ന പാമ്പുകടി, തേനീച്ച, കടന്നൽ എന്നിവയുടെ കുത്ത് തുടങ്ങിയവ മൂലം ഉണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി രണ്ട് ലക്ഷം രൂപയും നൽകി വരുന്നു. സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപയും പരിക്ക് ഏൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപ വരെയും അനുവദിച്ചുവരുന്നു. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസാ ചെലവ് മുഴുവനായും അനുവ-ദിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ധനസഹായം അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ അത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | 17/11/2014 ലെ സർക്കാർ ഉത്തരവ് (കൈ) നം. 96/2014/വനം പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷ-ത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമ-പരമായ അവകാശികൾക്ക് അഞ്ച് ലക്ഷം രൂപയാണ് നൽകിവന്നിരുന്നത്. എന്നാൽ 05/04/2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം അഞ്ച് ലക്ഷം രൂപ എന്നത് 10 ലക്ഷം രൂപയായി ഉയർത്തിയിട്ടുള്ളതാകുന്നു.<br><br>വന്യജീവി ആക്രമണങ്ങളിൽ പരിക്കേൽക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സയ്ക്ക് ചെലവാകുന്ന മുഴുവൻ തുകയും ചികിത്സാ ധനസഹായമായി നൽകിവരുന്നു. എന്നാൽ വന്യജീവി ആക്രമണങ്ങളിൽ പരിക്കേൽക്കുന്ന മറ്റുള്ളവർക്ക് ചിലവാകുന്ന തുക പരമാവധി 1 ലക്ഷം രൂപയാണ് നിലവിൽ ധനസഹായമായി നൽകിവരുന്നത്. നിലവിൽ നൽകിവരുന്ന നഷ്ടപരി-ഹാരത്തുക പരിഷ്കരിക്കുന്ന വിഷയം സർക്കാർ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ